പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 224 4.2.2013 ൽ മറുപടിക്ക്

## പോലീസിലെ കുറ്റവാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പാലോട് രവി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| എ) ഗുരുതരമായ സ്വഭാവദൂഷ്യത്തിന് അടിമപ്പെട്ട പോലീസ് സേനാംഗങ്ങൾക്കെതിരെ കർശന നടപടിക്ക് പോലീസ് ഉന്നതതല സമിതി ശുപാർശ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;<br>ബി) ശുപാർശകളുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്; | (എ)യും), (ബി)യും) ഉണ്ട്. 23 പോലീസുദ്യോഗസ്ഥർക്കെതിരെ നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ 24 പോലീസുദ്യോഗസ്ഥരെ ലഹരി വിമുക്ത കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. ലഹരിവിമുക്തകേന്ദ്രങ്ങളിലേയ്ക്ക് അയയ്ക്കപ്പെടുന്ന പോലീസുദ്യോഗസ്ഥർ ലഹരി ഉപഭോഗത്തിൽ നിന്നും വിമുക്തരാക്കപ്പെട്ടു എന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയെങ്കിൽ മാത്രമേ അവരെ സേനയിൽ പുന:പ്രവേശിപ്പിക്കുവാൻ പാടുള്ളൂ എന്നും സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |
| സി) എന്തെല്ലാം സ്വഭാവദൂഷ്യങ്ങളാണ് ശുപാർശയിൽ നിർവചിച്ചിട്ടുള്ളത്; വിശദമാക്കുമോ; | സി) അനധികൃത മണൽ കടത്ത്, കൈക്കൂലി, മോഷണം, സ്ത്രീകൾക്കെതിരെയുള്ള അതിക്രമം, അനധികൃതമായി തടങ്കലിൽ വയ്ക്കൽ, പരാതിക്കാരെ ഉപദ്രവിയ്ക്കൽ തുടങ്ങിയ സ്വഭാവ ദൂഷ്യങ്ങളാണ് ശുപാർശയിൽ നിർവചിച്ചിട്ടുള്ളത്. |
| ഡി) ഇവർക്കെതിരെ എന്തെല്ലാം ശിക്ഷണ നടപടികളാണ് ശുപാർശ ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ? | ഡി) പോലീസുദ്യോഗസ്ഥർക്ക് അവർ ഉൾപ്പെട്ട കേസുകളുടെ ഗൗരവമനുസരിച്ച് സസ്പെൻഷൻ,സ്ഥലംമാറ്റം, അച്ചടക്ക നടപടി, സർവ്വീസിൽ നിന്ന് പിരിച്ചുവിടൽ നിർബന്ധിത പെൻഷൻ നൽകി പിരിച്ചുവിടൽ എന്നിവ നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ